# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

19-06-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3265

## തുറമുഖ വകുപ്പിലെ ജീവനക്കാരുടെ ഭാവി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) കേരളാ മാരിടൈം ബോർഡ് നിലവിൽ വരുമ്പോൾ തുറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നത് സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) കേരളാ മാരിടൈം ബോർഡ് നിലവിൽ വരുമ്പോൾ തുറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച് ആക്ടിന്റെ ഖണ്ഡിക 17-ൽ പറഞ്ഞിരിക്കുന്ന കാര്യം ചുവടെ ചേർക്കുന്നു.<br>തുറമുഖ ഡയറക്ടറേറ്റിലേയും കാര്യാലയങ്ങളിലേയും ജീവനക്കാരെ ബോർഡിലേക്ക് മാറ്റം ചെയ്യൽ :-<br>ഈ ആക്ടിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, നിശ്ചയിക്കപ്പെട്ട ദിവസവും അന്നു മുതൽക്കും തുറമുഖ ഡയറക്ടറേറ്റിലേയും തുറമുഖ കാര്യാലയങ്ങളിലേയും ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിത്തീരുന്നതും, ബോർഡിലേക്ക് മാറ്റം ചെയ്യപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും തുടരാവുന്നതും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റു കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതുവരേയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റഗുലേഷൻ മുഖേന മാറ്റം വരുത്തുന്നതുവരേയോ അപ്രകാരം തുടരേണ്ടതുമാണ് . |
| (ബി) ഇവരെ സർക്കാർ ജീവനക്കാരായി നിലനിർത്തി,സേവന വേതന വ്യവസ്ഥകൾ സ്പാർക്ക് സോഫ്റ്റ് വെയറിൽത്തന്നെ നിലനിർത്തുമോ എന്ന് അറിയിക്കുമോ ; | (ബി) കേരള മാരിടൈം ബോർഡ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

;

| | | | |
|---|---|---|---|
| (സി) | തുറമുഖ വകുപ്പിന്റെ തന്നെ ഭാഗമായ ഹൈഡ്രോ - ഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ എന്ന് അറിയി ക്കുമോ ; | (സി) | ഇല്ല. |
| (ഡി) | സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന ആശ്രിത നിയമനം, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, ഹൗസ് ബിൽഡിംഗ് അഡ്വാൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ബോർഡിലേക്ക് മാറ്റപ്പെടുന്ന തുറമുഖ വകുപ്പിലെ ജീവന ക്കാർക്ക് തുടർന്നും ലഭ്യമാ ക്കുമോ;വ്യക്തമാക്കാമോ ? | (ഡി) | 2017-ലെ കേരളാ മാരിടൈം ബോർഡ് ആക്ടിലെ ഖണ്ഡിക 17-ൽ നിഷ്കർഷിച്ചിരിക്കുന്ന ആനുകൂല്യ ങ്ങൾക്ക് ടി ജീവനക്കാർക്ക് അർഹത ഉണ്ടായിരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ